**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2021-22 - പ്രാദേശിക സർക്കാരുകൾക്ക് 2019-20 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിൽ അനുവദിച്ചതിൽ ട്രാസ്റ്റർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്ന തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം.4859/2021/ധന    തീയതി, തിരുവനന്തപുരം, 07 ജൂലൈ 2021

---

പരാമർശം. 1) 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾ സർക്കാറിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ

2) ട്രഷറി ഡയറക്ടറുടെ റിപ്പോർട്ടുകൾ

**<u>ഉത്തരവ്</u>**

2019-20 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ ചില ഗഡുക്കൾ, വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുക എന്നിവയുടെ ബില്ലുകൾ മാർച്ച് അവസാനത്തിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ടി തുകകൾ ട്രാൻസ്ഫർ ക്രഡിറ്റ് ആയില്ലായെന്നും അവ പുനഃരനുവദിച്ച് നൽകണമെന്നും പല പ്രാദേശിക സർക്കാരുകളും പരാമർശം (1) പ്രകാരം സർക്കാരിന് അപേക്ഷിച്ചിട്ടുണ്ട്.

2) പല പ്രാദേശിക സർക്കാരുകളും പൊതു ആവശ്യ ഫണ്ടിന്റെ തുകയുള്ള ബില്ലുകൾ 31.03.2020 നകം ഇ സബ്മിറ്റ് ചെയ്തിരുന്നുവെങ്കിലും ആയതിന്റെ ഹാർഡ് കോപ്പി മാർച്ച് 31 ന് ശേഷമാണ് ട്രഷറിയിൽ സമർപ്പിച്ചതെന്നും ടി ബില്ലുകൾട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മുൻ വർഷത്തെ ട്രഷറി ക്യൂ ബില്ലുകളും സ്പിൽ ഓവർ ബില്ലുകളും മാറിയിട്ടുള്ള സാഹചര്യത്തിൽ അധിക തുക അനുവദിക്കുന്നത് വഴിയുള്ള ചെലവ് ക്രമപ്പെടുത്താൻ "3604" എന്ന മുഖ്യ ശീർഷകത്തിൽ സേവിംഗ്സ് ലഭ്യമാകാൻ ഇടയില്ലാത്തതിനാൽ ഫണ്ട് പുനരനുവദിക്കുന്ന വിഷയം 2021-22 സാമ്പത്തിക വർഷത്തേക്ക് മാറ്റി വെയ്ക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാറിന് അപേക്ഷ സമർപ്പിക്കുകയും അതിൻപ്രകാരം ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുള്ള താഴെ പറയുന്ന പ്രാദേശിക സർക്കാരുകൾക്ക് 2019-20 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിൽ അനുവദിക്കുകയും എന്നാൽ പാസ്സാകാതെ ട്രഷറി ക്യൂവിലാകുകയും ചെയ്ത മൊത്തം തുകയായ 4,89,22,782/- രൂപ (നാല് കോടി എൺപത്തി ഒൻപത്

ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) 2021-22 ലെ പൊതു ആവശ്യ ഫണ്ടിന്റെ ചുവടെ കൊടുത്തിട്ടുള്ള കണക്ക് ശീർഷകങ്ങളിൽ നിന്നും പുനഃരനുവദിച്ച് ഉത്തരവാകുന്നു.

| **പ്രാദേശിക സർക്കാരുകൾ** | **ശീർഷകം** | **തുക (രൂപയിൽ)** |
|---|---|---|
| മുനിസിപ്പാലിറ്റികൾ | 3604-00-200-83-(02) (NP) | 6793200 |
| ഗ്രാമ പഞ്ചായത്തുകൾ | 3604-00-200-83-(05) (NP) | 42129582 |
| **ആകെ** | | **48922782** |

4) 2019-20 ലെ പൊതു ആവശ്യ ഫണ്ടിന്റെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാത്ത ഗഡുക്കളിൽ നിന്നും എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിംഗിന്റെ ശമ്പള ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുകകൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ അനുബന്ധത്തിലുള്ള തുക അതാത് കണക്ക് ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1600337)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

## അനുബന്ധം 1 – മുനിസിപ്പാലിറ്റി

| ക്രമ നമ്പർ | പ്രാ.സ. കോഡ് | പ്രാദേശിക സർക്കാർ | അനുവദിക്കുന്ന തുക (രൂപയിൽ) | എൻജിനീയറിംഗ് വിംഗിന്റെ ശമ്പള ചെലവിനതിതിൽ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ 2515-00-001-05 (02) NP എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുക |
|---|---|---|---|---|
| 1 | M040500 | ആലപ്പുഴ | 6793200 | 998303 |
| ആകെ | | | **6793200** | **998303** |

## അനുബന്ധം 2 – ഗ്രാമപഞ്ചായത്തുകൾ

| ക്രമ നമ്പർ | പ്രാ.സ. കോഡ് | പ്രാദേശിക സർക്കാർ | അനുവദിക്കുന്ന തുക (രൂപയിൽ) | എൻജിനീയറിംഗ് വിംഗിന്റെ ശമ്പള ചെലവിനതിതിൽ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ 2515-00-001-05 (05) NP എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുക |
|---|---|---|---|---|
| 1 | G010604 | കരകുളം | 7636107 | 203750 |
| 2 | G020803 | തേവലക്കര | 157381 | 0 |
| 3 | G080802 | വാടാനപ്പള്ളി | 1457885 | 50935 |
| 4 | G080803 | തളിക്കുളം | 293287 | 0 |
| 5 | G080902 | താന്ന്യം | 1419887 | 0 |
| 6 | G081503 | കുഴൂർ | 242047 | 0 |
| 7 | G091201 | ആലത്തൂർ | 938300 | 151020 |
| 8 | G091203 | കാവശ്ശേരി | 1016100 | 0 |
| 9 | G100401 | ചേലേമ്പ്ര | 1093900 | 0 |
| 10 | G100402 | ചെറുകാവ് | 1542759 | 0 |
| 11 | G100407 | വാഴക്കാട് | 1184600 | 0 |
| 12 | G100409 | മുതുവല്ലൂർ | 1941107 | 0 |
| 13 | G110605 | കൂത്താളി | 1339740 | 0 |
| 14 | G111004 | മടവൂർ | 1267745 | 0 |
| 15 | G130105 | എരമം കുറ്റൂർ | 1352252 | 0 |

| | | | | |
|---|---|---|---|---|
| 16 | G130107 | ചെറുപുഴ | 1594181 | 90429 |
| 17 | G130202 | ഏഴോം | 699400 | 0 |
| 18 | G130306 | നടുവിൽ | 1566599 | 0 |
| 19 | G130307 | ഉദയഗിരി | 1015840 | 0 |
| 20 | G140303 | മധുർ | 1691379 | 0 |
| 21 | G140305 | ബദിയടുക്ക | 1559337 | 0 |
| 22 | G140306 | കുമ്പള | 11119749 | 0 |
| **ആകെ** | | | **42129582** | **496134** |

സെക്ഷൻ ഓഫീസർ